# മുസ്‌ലിം ന്യൂനപക്ഷം വിശകലനത്തിന്റെ പൊരുൾ

ചർച്ച

എ.പി അബ്ദുൽവഹാബ്

**മുസ്‌ലിം ജനവിഭാഗം ആത്യന്തികതകളിലേക്ക് വഴുതിപ്പോകാതിരിക്കണമെങ്കിൽ ക്രിയാത്മകമായ അർഥതലങ്ങളിലേക്ക് ഉയരുന്ന വിധത്തിലെങ്കിലും അസ്തിത്വത്തിന്റെ പ്രശ്നങ്ങളും പ്രതിസന്ധികളും വിലയിരുത്തപ്പെടണം. അതുകൊണ്ടുതന്നെ രാജ്യത്തെ പൊതുസമൂഹം മുസ്‌ലിം ന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങളിൽ സക്രിയമായി ഇടപെടണം. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ അലംഭാവവും ഉദാസീനതയുമൊഴിവാക്കി കാര്യത്തിന്റെ ഗൗരവത്തിലേക്കിറങ്ങണം.**

**ഇന്ത്യയിൽ** മുസ്‌ലിം ന്യൂനപക്ഷം അനുഭവിക്കുന്ന പ്രശ്നങ്ങളെ കൃത്യമായി നിർണയിക്കാൻ ജസ്റ്റിസ് രജീന്ദർ സച്ചാർ കമീഷൻ റിപ്പോർട്ട് സഹായിക്കുന്നു. സ്വത്വം (Identity), സുരക്ഷിതത്വം (Security), സമത്വം (Equity) എന്നീ തലങ്ങളെ ആധാരമാക്കി വസ്തുനിഷ്ഠവും വിശദവുമായ വിശകലനമാണ് സച്ചാർ നടത്തിയിട്ടുള്ളത്. റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കപ്പെട്ടതുപോലെ അവ താഴെ പറയും പ്രകാരം ക്രോഡീകരിക്കാവുന്നതാണ്:

ഒന്ന്, അസ്തിത്വപരമായ ഒരുതരം ഉത്കണ്ഠ മുസ്‌ലിംസമൂഹത്തെ പൊതുവെ പിടികൂടിയിരിക്കുന്നു. ഇത് അവരെ കൂടുതൽ അന്തർമുഖികളാക്കി മാറ്റിയിരിക്കുന്നു.

രണ്ട്, നിരന്തരമായ കലാപങ്ങൾ കാരണം ഭയത്തിന്റെ കരിനിഴലിൽ കഴിയേണ്ട അവസ്ഥ രാജ്യത്തിന്റെ പല ഭാഗത്തും മുസ്‌ലിംകൾക്ക് വന്നുപെട്ടിരിക്കുന്നു.

മൂന്ന്, മുസ്‌ലിം സാംസ്കാരിക ചിഹ്നങ്ങളെ (അവ ധരിക്കുന്നവരെ) അകാരണമായി സംശയിക്കുന്ന പ്രവണത വർധിച്ചുകൊണ്ടിരിക്കുന്നു. നഗരങ്ങളിൽ മുസ്‌ലിംകൾക്ക് വാടക വീടുകൾ കിട്ടാത്ത അവസ്ഥപോലുമുണ്ടായിരിക്കുന്നു.

നാല്, രാജ്യത്ത് ഏറ്റവുമധികം ദാരിദ്ര്യമനുഭവിക്കുന്ന ജനവിഭാഗമായി മുസ്‌ലിംകൾ മാറിയിരിക്കുന്നു.

അഞ്ച്, തൊഴിൽ-ഉദ്യോഗ മേഖലകളിൽ വിവേചനം അനുഭവിക്കേണ്ടിവരുന്നു.

ആറ്, വിദ്യാഭ്യാസരംഗത്ത് കടുത്ത പിന്നാക്കാവസ്ഥ നിലനിൽക്കുന്നു.

**50 ശതമാനത്തിലേറെ മുസ്‌ലിം വോട്ടർമാരുള്ള മൂന്ന് മണ്ഡലങ്ങളും നാൽപത് ശതമാനത്തിലേറെ മുസ്‌ലിംകളുള്ള അഞ്ചു മണ്ഡലങ്ങളുമുൾപ്പെടെ ഗണ്യമായ മുസ്‌ലിം പ്രാതിനിധ്യമുള്ള 27 മണ്ഡലങ്ങളെങ്കിലും പട്ടികജാതി പട്ടികവർഗത്തിന് സംവരണം ചെയ്തതായി സച്ചാർ റിപ്പോർട്ട് പേരെടുത്ത് പറയുന്നുണ്ട്. യു. പി, ബീഹാർ, ബംഗാൾ എന്നിവിടങ്ങളിലെ മാത്രം കണക്കാണിത്.**

ഏഴ്, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിൽ വിവേചനം പുലർത്തപ്പെടുന്നു.

എട്ട്, വോട്ടർപട്ടികയിൽനിന്ന് മുസ്‌ലിം പേരുകൾ നീക്കംചെയ്യപ്പെടുന്നു.

ഒമ്പത്, മുസ്‌ലിം ഭൂരിപക്ഷ മണ്ഡലങ്ങളെ സംവരണ മണ്ഡലങ്ങളായി മാറ്റുന്നു.

പത്ത്, ബാങ്കുകളുൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ വായ്പകൾ നൽകുന്ന കാര്യത്തിൽ മുസ്‌ലിംകളോട് വിവേചനം കാണിക്കുന്നു.

പതിനൊന്ന്, ദേശീയ സുരക്ഷാ വിഭാഗങ്ങളിലും പോലീസിലും മതിയായ പ്രാതിനിധ്യം നിഷേധിക്കപ്പെടുന്നു.

പന്ത്രണ്ട്, മുസ്‌ലിംകളുടെ പൊതുവായ മാതൃഭാഷ എന്ന പരിഗണനയുള്ള ഉർദുവിനോട് കാണിക്കുന്ന ചിറ്റമ്മനയംകാരണം ബഹുഭൂരിപക്ഷം മുസ്‌ലിംകൾക്കും വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന അവസ്ഥ സംജാതമായിരിക്കുന്നു.

ഭരണഘടന പൗരന്മാർക്ക് നൽകുന്ന മൗലികാവകാശങ്ങളുടെ നിഷേധമാണ് മുകളിൽ എണ്ണിപ്പറഞ്ഞ പ്രശ്നങ്ങളെന്ന് കാണാൻ അതീവ പാണ്ഡിത്യമോ നിയമവൈദഗ്ധ്യമോ വേണമെന്നില്ല. ഭരണഘടനയുടെ 14(4) വകപ്പും 16(4) വകുപ്പും ആർട്ടിക്കിൾ 30ഉം മാർഗനിർദേശകതത്ത്വങ്ങളടങ്ങിയ 46-ാം വകുപ്പും പിന്നാക്ക ദുർബല ജനവിഭാഗങ്ങളുടെ അടിസ്ഥാന പുരോഗതിക്കാവശ്യമായ പ്രവർത്തനങ്ങളുടെ ആവശ്യകതയെ നിരീക്ഷിക്കുന്നു. പ്രസ്തുത നിരീക്ഷണങ്ങളും നിർദേശങ്ങളും ലംഘിക്കപ്പെടുന്നു എന്നത് ഭരണഘടനാ ലംഘനവും രാജ്യതാൽപര്യങ്ങളുടെ നിഷേധവുമാണ്. ഭരണകൂടവും നിയമനിർമാണസഭകളും ഒരുപോലെ കുറ്റവാളികളായിത്തീരുന്ന പ്രശ്നമാണിത്. ഭരണകൂടങ്ങൾക്ക് രൂപംനൽകുന്ന രാഷ്ട്രീയ പാർട്ടികളും ഇക്കാര്യത്തിൽ പ്രതിസ്ഥാനത്തുതന്നെ. പൊള്ളയായ വാചാടോപത്തിന്റെ കപട നാട്യങ്ങൾകൊണ്ട് പരിഹൃതമാവുന്നതല്ല, ഇച്ഛാശക്തിയോടു കൂടിയ നിലപാടുകളിലൂടെ പരിഹരിക്കേണ്ടതാണിവയൊക്കെയും. അപ്രകാരം സംഭവിക്കുന്നില്ലെന്നതുകൊണ്ടാണ് മുസ്‌ലിം ന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങൾ അനുസ്യൂതം പരിഹരിക്കപ്പെടാതെ കൊണ്ടുപോകുന്നത്.

ആയിരക്കണക്കിൽ വർഗീയ കലാപങ്ങൾ രാജ്യത്ത് ഇതിനകം അരങ്ങേറിയിട്ടുണ്ട്. അസംഖ്യമാളുകൾ കൊല്ലപ്പെടുകയും കണക്കറ്റ കോടികളുടെ നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

നിരന്തരം കലാപങ്ങൾക്കിരയാക്കപ്പെടുന്ന ദാരുണാവസ്ഥക്ക് പുറമെ ഭീകരതയുടെ പേരിൽ വേട്ടയാടപ്പെടുന്ന സംഭീതാവസ്ഥ വേറെയും. ഭീകരതയെ തകർക്കാൻ കൊണ്ടുവന്ന ടാഡയും പോട്ടയും മുസ്‌ലിം ചെറുപ്പക്കാരെയാണ് കാര്യമായും ഉന്നംവെച്ചിരുന്നത്. ആയിരക്കണക്കിൽ മുസ്‌ലിം യുവാക്കൾ അകാരണമായി പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്. സാമ്രാജ്യത്വശക്തികൾ കൊണ്ടുപിടിച്ച മുസ്‌ലിം വേട്ടയുടെ അതേ ശീലുകൾ രാജ്യത്തെ മുസ്‌ലിംസമൂഹത്തിൽ വെച്ചുകെട്ടാൻ ബോധപൂർവമായ ശ്രമങ്ങളും നടക്കുന്നു. മാലേഗാവ്, മക്കാ മസ്ജിദ് സ്ഫോടനങ്ങളെക്കുറിച്ചൊക്കെ പിന്നീട് വെളിപ്പെട്ടത് മുസ്‌ലിംകൾ എങ്ങനെയൊക്കെ ബലിയാടാക്കപ്പെടുന്നു എന്നാണ്. രാജ്യത്തെ മുസ്‌ലിം സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണിത്.

2001ലെ സെൻസസ് പ്രകാരം രാജ്യത്തെ മൊത്തം ജനസംഖ്യയുടെ 13.43 ശതമാനമാണ് മുസ്‌ലിംകൾ- 145 ദശലക്ഷം. ഭരണഘടന വിഭാവനം ചെയ്യുന്ന അവസരസമത്വവും ഭരണഘടനതന്നെ നിർദേശിക്കുന്ന സംവരണ തത്ത്വവും പരിഗണിക്കുമ്പോൾ ഭരണതലമുൾപ്പെടെയുള്ള ഉദ്യോഗ മേഖലകളിൽ മതിയായ പ്രാതിനിധ്യം മുസ്‌ലിംകൾക്ക് ലഭിക്കേണ്ടതായിരുന്നു. പക്ഷേ, യാഥാർഥ്യം നേരെ മറിച്ചാണ്. ഉദ്യോഗമേഖലയിൽ മുസ്‌ലിം പ്രാതിനിധ്യം വെറും 4.9 ശതമാനം മാത്രമാണ്. ദേശീയ സർവീസിൽ 3.2 ശതമാനവും. ഇതിൽതന്നെ 98 ശതമാനവും ഏറ്റവും താഴെക്കിടയിലുള്ള ജോലികളിലും. 14 ലക്ഷത്തോളം വരുന്ന പൊതുമേഖലാ ജീവനക്കാരിൽ മുസ്‌ലിം പ്രാതിനിധ്യം 3.3 ശതമാനമണ്. ബാങ്കിംഗ് മേഖലയിൽ 2.2 ശതമാനവും. സിവിൽ സർവീസിലും ഇതുതന്നെയാണവസ്ഥ. ഐ.എ.എസിൽ 3 ശതമാനവും ഐ.പി.എസിൽ 4 ശതമാനവും ഐ.എഫ്.എസിൽ 1.8 ശതമാനവുമാണ് മുസ്‌ലിം പ്രാതിനിധ്യം. 14 ലക്ഷത്തോളം പേർ ജോലിയെടുക്കുന്ന ഇന്ത്യൻ റെയിൽവേയിൽ മുസ്‌ലിം പ്രാതിനിധ്യം 4.5 ശതമാനം മാത്രമാണ്. അതിൽതന്നെ 98.7 ശതമാനവും ഏറ്റവും താഴെക്കിടയിൽ പണിയെടുക്കുന്നവരും. 1.3 ശതമാനം മാത്രമാണ് ഉയർന്ന ജോലിയിലുള്ളത്. ഇതേ മേഖലയിൽ എസ്.സി, എസ്.ടി പ്രാതിനിധ്യം 18 ശതമാനമാണെന്നു കൂടി അറിയുമ്പോഴാണ് മുസ്‌ലിം പിന്നാക്കാവസ്ഥയുടെ ആഴം മനസ്സിലാവുക.

നീതിന്യായ വകുപ്പിൽ മുസ്‌ലിം പ്രാതിനിധ്യം 7.8 ശതമാനമാണ്. ഇതേ വകുപ്പിൽ മറ്റു പിന്നാക്ക വിഭാഗങ്ങൾ 23 ശതമാനവും എസ്.സി, എസ്.ടി 20 ശതമാനവും മുന്നാക്ക ഹിന്ദുക്കൾ അവരുടെ ജനസംഖ്യാ അനുപാതത്തിന്റെ ഇരട്ടിയുമാണ്. ദാരിദ്ര്യത്തിന്റെ കാര്യത്തിൽ മാത്രം മുസ്‌ലിം പ്രാതിനിധ്യം മറ്റുള്ളവരുടെ മുകളിലാണ്. 31 ശതമാനമാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ള മുസ്‌ലിംകൾ. മുസ്‌ലിംകളിലും പട്ടിക വിഭാഗങ്ങളിലും അധികമാളുകളും ജോലി ചെയ്യുന്നത് നിത്യ കൂലിക്കാണെന്നും 13 ശതമാനം പേർ മാത്രമാണ് ഇരു വിഭാഗങ്ങളിലും ശമ്പളക്കാരായിട്ടുള്ളതെന്നും കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. കടുത്ത ദാരിദ്ര്യത്തിന്റെ ചൂഷിത വലയത്തിലായതുകൊണ്ടുതന്നെ ക്രയവിക്രയശേഷിയില്ലാത്ത സമൂഹമെന്ന നിലയിൽ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും മുസ്‌ലിംകൾക്ക് വായ്പ നൽകാൻ മടിക്കുന്നുവെന്ന് സച്ചാർ പഠന റിപ്പോർട്ട് തന്നെ ചൂണ്ടിക്കാട്ടുകയുണ്ടായി. വ്യവസായ സംരംഭകത്വത്തെയും വിദ്യാഭ്യാസ പുരോഗതിയെയും സ്വാശ്രയത്വത്തെയും ഇത്

ഏറെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് പ്രത്യേകം പറയേണ്ടതില്ല.

ജനാധിപത്യ സംവിധാനത്തിൽ എണ്ണത്തിന്റെ ബലം ഏറ്റവും നിർണായകമാണെന്ന വസ്തുത, പക്ഷേ മുസ്‌ലിംകളുടെ കാര്യത്തിൽ നിരർഥകമാണെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. 50 ശതമാനത്തിലേറെ മുസ്‌ലിം വോട്ടർമാരുള്ള മൂന്ന് മണ്ഡലങ്ങളും നാൽപത് ശതമാനത്തിലേറെ മുസ്‌ലിംകളുള്ള അഞ്ചു മണ്ഡലങ്ങളുമുൾപ്പെടെ ഗണ്യമായ മുസ്‌ലിം പ്രാതിനിധ്യമുള്ള 27 മണ്ഡലങ്ങളെങ്കിലും പട്ടികജാതി പട്ടികവർഗത്തിന് സംവരണം ചെയ്തതായി സച്ചാർ റിപ്പോർട്ട് പേരെടുത്ത് പറയുന്നുണ്ട്. യു.പി, ബീഹാർ, ബംഗാൾ എന്നിവിടങ്ങളിലെ മാത്രം കണക്കാണിത്. നിയമനിർമാണ സഭകളിലെ നാമമാത്ര പ്രാതിനിധ്യം തങ്ങളനുഭവിക്കുന്ന പ്രശ്നങ്ങളെ മതിയായ തോതിൽ പ്രതിഫലിപ്പിക്കാൻ പോലും അനുവദിക്കുന്നില്ലെന്ന വികാരം മുസ്‌ലിംകളിലുണ്ടാക്കുന്നു. ജനാധിപത്യ പ്രക്രിയക്ക് തന്നെ ഇത് ക്ഷീണമേൽപിക്കുമെന്ന വസ്തുത പൊതുവെ വിസ്മരിക്കപ്പെട്ടിരിക്കുകയാണ്.

മുസ്‌ലിം ന്യൂനപക്ഷമനുഭവിക്കുന്ന സ്വത്വപരവും സുരക്ഷിതത്വപരവും സമത്വപരവുമായ പ്രശ്നങ്ങളുടെ ഹ്രസ്വമായൊരു നേർക്കാഴ്ചയാണ് മുകളിൽ കൊടുത്തിട്ടുള്ളവ. സ്വയം പര്യാപ്തതയുടെ പരിക്രിയകളിലൂടെ രാഷ്ട്രനിർമാണത്തിൽ വിശാല സാധ്യതകളിൽ സമർപ്പിതമാകേണ്ട ഒരു വലിയ ജനവിഭാഗത്തെ ഇപ്രകാരം രൂക്ഷമായി പ്രാന്തവത്കരിച്ച് നിർത്തുന്നതിന്റെ പൊരുളും പ്രത്യാഘാതവും രാജ്യത്തെ മുഖ്യധാരാ രാഷ്ട്രീയങ്ങൾക്ക് പോലും ഗൗരവപ്പെട്ട വിഷയമായിട്ടില്ലെന്നതാണ് ഏറ്റവും നിർഭാഗ്യകരമായ അവസ്ഥ. മുസ്‌ലിം ന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങൾ ക്ഷണിക പ്രധാനമായ ചർച്ചകളുടെ പുറംതോടിന്നപ്പുറത്തേക്ക് പോകുന്നില്ല. ഗുജറാത്ത് കലാപവും സംഘ്പരിവാറും ഉയർത്തുന്ന ഭീഷണിയും മാത്രമല്ല, അടിസ്ഥാനപരമായ ജീവിത സൗകര്യങ്ങളുടെ അഭാവമുയർത്തുന്ന കടുത്ത മുരടിപ്പിന്റെ പ്രതിസന്ധിയും മുസ്‌ലിം സമൂഹമനുഭവിക്കുന്ന രൂക്ഷമായ പ്രശ്നങ്ങളാണെന്ന തിരിച്ചറിവ് പ്രായേണ ന്യൂനപക്ഷാനുഭാവം പുലർത്തുന്നവർക്കു പോലുമുണ്ടാവുന്നില്ല. സച്ചാർ സമിതിയുടെ പഠനറിപ്പോർട്ടെങ്കിലും ഒരു വഴിത്തിരിവാകുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു. റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സമഗ്രമായ സമുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് 2007 മെയിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നതുമാണ്. മുസ്‌ലിം ന്യൂനപക്ഷം കേന്ദ്രീകരിക്കപ്പെട്ട 66 ജില്ലകളെ തെരഞ്ഞെടുത്ത് പ്രത്യേക പാക്കേജുകളും കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. മൊത്തം മുസ്‌ലിം ജനസംഖ്യയുടെ 30 ശതമാനം മാത്രമേ ഈ 66 ജില്ലകളിലായി വരുന്നുള്ളൂവെന്നതും 70 ശതമാനം മുസ്‌ലിംകളും ഇതിന്റെ പരിധിയിൽ പെടുന്നില്ലെന്നും അപ്പോൾതന്നെ ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. നിർഭാഗ്യവശാൽ, പ്രത്യേക പാക്കേജ് പോലും നാമമാത്രമായ സ്കോളർഷിപ്പുകൾക്കപ്പുറത്തേക്ക് പോയിട്ടില്ല. സർക്കാറിന്റെ കാലാവധി തീരാൻ മാസങ്ങൾ മാത്രം ബാക്കി നിൽക്കെയാണ് പല പദ്ധതികളുടെയും പ്രചാരണ ഘോഷങ്ങളെന്നത് ഭരണകൂടത്തിന്റെ ശരിയായ ഉള്ളിലിരുപ്പിനെ വെളിപ്പെടുത്തുന്നു.

**സ്ഫോടനങ്ങളിൽ വ്യാജമായി പ്രതിചേർക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നത് സൃഷ്ടിച്ചേക്കാവുന്ന നിരാശയുടെയും നിഷേധാത്മകതയുടെയും മാനസികാവസ്ഥ എത്ര ദയനീയവും ഗുരുതരവുമാണെന്ന് മനസ്സിലാക്കാൻ രാജ്യത്തിന്റെ പൊതുവായ സാമാന്യ ബുദ്ധിക്ക് കഴിയണം. വ്യാജാരോപണത്തിന്റെ പേരിൽ മാസങ്ങളോളം തടവിലാക്കപ്പെട്ട ഇരുപതിൽപരം മുസ്‌ലിം യുവാക്കളെ വിട്ടയച്ചപ്പോൾ ആന്ധ്ര സർക്കാർ ഓട്ടോറിക്ഷകൾ പാരിതോഷികം നൽകി സന്തോഷിപ്പിച്ചു. ഒരു സമുദായം മൊത്തമനുഭവിച്ച മാനസിക പീഡനത്തിന്റെ ഭാരം കുറക്കാൻ ഓട്ടോറിക്ഷക്കല്ല, തീവണ്ടിക്ക് പോലും സാധ്യമല്ലെന്ന ലളിതമായ ന്യായവിചാരത്തിലേക്കുയരാൻ ഭരണാധികാരികൾക്ക് കഴിഞ്ഞിട്ടില്ല, കഴിയുമെന്ന് തോന്നുന്നുമില്ല.**

സ്ഫോടനങ്ങളിൽ വ്യാജമായി പ്രതിചേർക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നത് സൃഷ്ടിച്ചേക്കാവുന്ന നിരാശയുടെയും നിഷേധാത്മകതയുടെയും മാനസികാവസ്ഥ എത്ര ദയനീയവും ഗുരുതരവുമാണെന്ന് മനസ്സിലാക്കാൻ രാജ്യത്തിന്റെ പൊതുവായ സാമാന്യ ബുദ്ധിക്ക് കഴിയണം. വ്യാജാരോപണത്തിന്റെ പേരിൽ മാസങ്ങളോളം തടവിലാക്കപ്പെട്ട ഇരുപതിൽപരം മുസ്‌ലിം യുവാക്കളെ വിട്ടയച്ചപ്പോൾ ആന്ധ്ര സർക്കാർ ഓട്ടോറിക്ഷകൾ പാരിതോഷികം നൽകി സന്തോഷിപ്പിച്ചു. ഒരു സമുദായം മൊത്തമനുഭവിച്ച മാനസിക പീഡനത്തിന്റെ ഭാരം കുറക്കാൻ ഓട്ടോറിക്ഷക്കല്ല, തീവണ്ടിക്ക് പോലും സാധ്യമല്ലെന്ന ലളിതമായ ന്യായവിചാരത്തിലേക്കുയരാൻ ഭരണാധികാരികൾക്ക് കഴിഞ്ഞിട്ടില്ല, കഴിയുമെന്ന് തോന്നുന്നുമില്ല.

മുസ്‌ലിം സമൂഹം അനുഭവിക്കുന്ന ഈ അരക്ഷിതാവസ്ഥ രാഷ്ട്രീയ പക്വതയുടെ ഗുണപരമായ വിചിന്തനങ്ങൾക്കപ്പുറത്ത് വൈകാരിക പരിസരങ്ങളിലേക്ക് വഴുതിപ്പോകാനുമിടയാവരുത്. ഏതൊരു പ്രാന്തീയ സമൂഹത്തിലും അവഗണനയും വിവേചനവും പീഡനവും സമാസമം സൃഷ്ടിക്കുന്ന പ്രതികരണത്തിന്റെ പ്രതിപ്രവർത്തനങ്ങൾ സുഖകരമോ അഭിലഷണീയമോ ആവാറില്ല. മുസ്‌ലിം ജനവിഭാഗം ആത്യന്തികതകളിലേക്ക് വഴുതിപ്പോകാതിരിക്കണമെങ്കിൽ ക്രിയാത്മകമായ അർഥതലങ്ങളിലേക്ക് ഉയരുന്ന വിധത്തിലെങ്കിലും അസ്തിത്വത്തിന്റെ പ്രശ്നങ്ങളും പ്രതിസന്ധികളും വിലയിരുത്തപ്പെടണം. അതുകൊണ്ടുതന്നെ രാജ്യത്തെ പൊതുസമൂഹം മുസ്‌ലിം ന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങളിൽ സക്രിയമായി ഇടപെടണം. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ അലംഭാവവും ഉദാസീനതയുമൊഴിവാക്കി കാര്യത്തിന്റെ ഗൗരവത്തിലേക്കിറങ്ങണം.

### പുതിയ രാഷ്ട്രീയ പാർട്ടി

മുസ്‌ലിം സമൂഹം മാത്രമല്ല ദലിതുകളുൾപ്പെടെയുള്ള മറ്റു പിന്നാക്ക ദുർബല സമൂഹങ്ങളും കടുത്ത പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ദലിത് സമൂഹത്തിനു മനുഷ്യത്വപരമായ പരിഗണന പോലും വകവെച്ചുകൊടുക്കാൻ തയാറാകാത്ത ജാതി മേധാവിത്വത്തിന്റെ കരിംഭൂതങ്ങൾ എമ്പാടുമുണ്ട് രാജ്യത്ത്. ഇന്ത്യൻ പീനൽ കോഡിന്റെ വ്യവസ്ഥയനുസരിച്ച് നേർക്കുനേരെ അകത്തായേക്കുമെന്ന ആശങ്ക കൊണ്ടാണ് പലരും ജാതിവിരോധം പുറത്തെടുക്കാതെ ഒതുങ്ങിക്കഴിയുന്നത്. മുസ്‌ലിംകളും ദലിതുകളും മറ്റു പിന്നാക്ക വിഭാഗങ്ങളും അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് സമാനതകളുണ്ടെന്നതുകൊണ്ടുതന്നെ പരിഹാരക്രിയകൾക്കും സമാനതയുടെ പൊതുസ്വഭാവമുണ്ട്. ജനാധിപത്യ വ്യവസ്ഥിതിയിൽ, പാർലമെന്ററി ശക്തിയായി വളരുന്ന മുറക്ക് പരിഹൃതമായേ

ക്കാവുന്ന ഒട്ടേറെ പ്രശ്നങ്ങൾ ഈ പൊതുവിഷയത്തിലുണ്ട്.അതിന് പക്ഷേ, ഓരോ പിന്നാക്ക വിഭാഗവും സ്വന്തം സാമുദായികതയുടെ പരിസരങ്ങളിൽ സംഘടിച്ചതുകൊണ്ട് മാത്രം മതിയാവുകയില്ല. രാജ്യത്തിന്റെ ബഹുസ്വരത താൽപര്യപ്പെടുന്നത് മതന്യൂനപക്ഷങ്ങളുടെയും പിന്നാക്ക ദുർബല വിഭാഗങ്ങളുടെയും കൂട്ടായ്മയാണ് ഈ കൂട്ടായ്മക്ക് മുന്നിട്ടിറങ്ങാൻ മുസ്‌ലിം സമൂഹത്തിന് മറ്റാരേക്കാളും ബാധ്യതയുണ്ട്.

**മുസ്‌ലിം ന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങൾ ക്ഷണിക പ്രധാനമായ ചർച്ചകളുടെ പുറംതോടിന്നപ്പുറത്തേക്ക് പോകുന്നില്ല. ഗുജറാത്ത് കലാപവും സംഘ്പരിവാറും ഉയർത്തുന്ന ഭീഷണിയും മാത്രമല്ല, അടിസ്ഥാനപരമായ ജീവിത സൗകര്യങ്ങളുടെ അഭാവമുയർത്തുന്ന കടുത്ത മുരടിപ്പിന്റെ പ്രതിസന്ധിയും മുസ്‌ലിം സമൂഹമനുഭവിക്കുന്ന രൂക്ഷമായ പ്രശ്നങ്ങളാണെന്ന തിരിച്ചറിവ് പ്രായേണ ന്യൂനപക്ഷാനുഭാവം പുലർത്തുന്നവർക്കു പോലുമുണ്ടാവുന്നില്ല.**

അവശേഷിക്കുന്ന ഒരു ചോദ്യം ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയ രംഗപ്രവേശമാണ്. സ്വന്തം അസ്തിത്വത്തിന്റെ പേരും കുറിയും ദൗത്യവും നിയോഗവും തീരുമാനിക്കാനുള്ള അവകാശം ഏത് സംഘടനക്കുമുണ്ട്. ആ നിലക്ക് ജമാഅത്തെ ഇസ്‌ലാമിക്കും അത് അംഗീകരിച്ചുകൊടുക്കണം. ജമാഅത്തെ ഇസ്‌ലാമി പ്രതിനിധാനം ചെയ്യുന്ന ഇസ്‌ലാമിൽ രാഷ്ട്രീയം വേറിട്ട ഒരസ്തിത്വമല്ലെന്ന വാസ്തവം വെച്ചുനോക്കുമ്പോൾ വിശേഷിച്ചും. അതേസമയം, ജമാഅത്തെ ഇസ്‌ലാമിയെ കേവലം ഒരു മതസംഘടനയായി കാണുന്ന രാജ്യത്തെ ബഹുഭൂരിപക്ഷം പൊതുസമൂഹത്തിന് ഇതെങ്ങനെ ഉൾക്കൊള്ളാനാവുമെന്ന് കണ്ടറിയണം. ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയ രംഗപ്രവേശം പൊതുജനത്തിൽ ഒട്ടേറെ സംശയങ്ങളും സന്ദേഹങ്ങളുമുണ്ടാക്കുമെന്നതിൽ സംശയമില്ല. മതാത്മക രാഷ്ട്രീയമെന്ന വിമർശനത്തേക്കാൾ വർഗീയ രാഷ്ട്രീയമെന്ന മുൻവിധിയോടു കൂടിയ ആരോപണം അതിന് കേൾക്കേണ്ടിവരും. ഒരേസമയം മുസ്‌ലിം സാമൂഹികതയെ ബോധ്യപ്പെടുത്താനും രാജ്യത്തിന്റെ പൊതു സാമൂഹികതയെ ബോധ്യപ്പെടുത്താനും ജമാഅത്തിന് ഏറെ അധ്വാനിക്കേണ്ടിവരും. അതേസമയം, രാജ്യത്തെ മറ്റൊരു മുസ്‌ലിം സംഘടനക്കുമില്ലാത്തവിധം രാജ്യവ്യാപകമായ സംഘടനാ സംവിധാനവും പത്രമാധ്യമങ്ങളുൾപ്പെടെയുള്ള പ്രചാരണ മെഷിനറിയും ജമാഅത്തിനുണ്ട്. അവ പ്രയോജനപ്പെടുത്തി, പിന്നാക്ക ദുർബല വിഭാഗങ്ങളുടെ രാഷ്ട്രീയ ശാക്തീകരണത്തെ പ്രബലപ്പെടുത്തുന്ന ദൗത്യം നിർവഹിക്കലായിരിക്കില്ലേ കൂടുതൽ യുക്തി?

രാഷ്ട്രത്തിന്റെ രീതിശാസ്ത്ര (methodology)മാണ് രാഷ്ട്രീയം. politics എന്ന ഗ്രീക്ക് (ഗ്രീക്ക്, ലാറ്റിൻ, ഫ്രഞ്ച്)പദത്തിനു ജനങ്ങളെയും അവരുടെ നിലപാടിനെയും കുറിക്കുന്ന അർഥതലങ്ങളുണ്ട്. സുപ്രധാനമായ രാഷ്ട്രീയം, മുമ്പ് ഡിസ്രേലി പറഞ്ഞതുപോലെ 'തെമ്മാടികളുടെ അഭയകേന്ദ്ര'മായി പരിണമിക്കുന്നത് രാഷ്ട്രത്തിനും ജനങ്ങൾക്കും ദുരന്തമാണ്. രാഷ്ട്രീയത്തെ അപചയത്തിൽ നിന്ന് കരകയറ്റേണ്ട ബാധ്യത എല്ലാവർക്കും-മതസംഘടനകൾക്കും സാംസ്കാരിക പ്രസ്ഥാനങ്ങൾക്കും കൂടുതലായി-ഉണ്ട്. ശ്രമകരമായ ഈ ദൗത്യം നിർവഹിക്കാൻ മതസംഘടനകൾ മുന്നോട്ടുവരുമോ? ജമാഅത്തെ ഇസ്‌ലാമിക്ക് ഈ രംഗത്ത് സ്തുത്യർഹമായ സേവനങ്ങൾ ചെയ്യാൻ സാധിച്ചേക്കും. അതേസമയം, വീക്ഷണപരമായ സമന്വയത്തിന്റെയും അഭിപ്രായ ഐക്യത്തിന്റെയും ഏകസ്വരൂപകത (single entity) പ്രാപിക്കാനാവാത്ത മുസ്‌ലിം പിന്നാക്ക വിഭാഗങ്ങളിൽ വോട്ടുകൾ കൂടുതൽ ചിതറിത്തെറിക്കാനാണ് ജമാഅത്തിന്റെ രാഷ്ട്രീയ രംഗപ്രവേശം കാരണമാകുന്നതെങ്കിൽ അത് പിന്നാക്ക സമൂഹത്തിന് വൻ നഷ്ടവും ഫാഷിസ്റ്റ് ശക്തികൾക്ക് വൻ നേട്ടവുമായിരിക്കും. ■

(ഐ.എൻ.എൽ സംസ്ഥാന സെക്രട്ടറിയാണ് ലേഖകൻ)